(ഡി) ഉരകം-കലടാശ്ശേരി-പുതുക്കാട് റോഡ് പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ആറാട്ടുപുഴ-ശാസ്താംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ്, പുള്ള്-മനക്കൊടി റോഡ് (ഒന്നാംഘട്ടം) എന്നീ രണ്ട് നിർമ്മാണ പ്രവർത്തികളും ഇപ്പോൾ നടന്നുവരുന്നുണ്ട്.

(ബി) 2005-06 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ താഴെപ്പറയുന്ന റോഡുകളുടെ പണികളും ഉൾപ്പെടുത്തിയിട്ടുണ്ട്:

1. പലക്കൽ-പല്ലിശ്ശേരി-പലക്കോവിൽ-ആവിണിശ്ശേരി റോഡ്
2. പലക്കൽ-വിയ്യാറുപുറം-കോടന്നൂർ റോഡ്
3. ആനക്കല്ല്-ചങ്ങലഗേറ്റ് റോഡ്
4. പ്രേന്ദം റോഡ്
5. പെരിങ്ങോട്ടുകര-ബോധാനന്ദ-വായനശാല റോഡ്
6. ഉദിൻചോട്-വല്ലച്ചിറ-കടലാശ്ശേരി റോഡ്
7. ചിയ്യാരം-കോൺവെന്റ് റോഡ്
8. പുള്ള്-മനക്കൊടി റോഡ് (രണ്ടാം ഭാഗം)
9. കോടനൂർ-നെടുപുഴ-പടിഞ്ഞാറേക്കോട്ട റോഡ്
10. പൂച്ചുണ്ണിപ്പാടം-ചാത്തക്കുടം-എറവക്കാട് റോഡ്

(സി) ഇല്ല. നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉരകം-കലടാശ്ശേരി-പുതുക്കാട് റോഡ് പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി എട്ടു ലക്ഷം രൂപയും, അഞ്ചു ലക്ഷം രൂപയും ചെലവു വരുന്ന രണ്ട് പ്രത്യേക അറ്റകുറ്റപ്പണികളും നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മുക്കം സിവിൽ സ്റ്റേഷൻ നിർമ്മാണം

42 [2345] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കത്ത് പൊതു മരാമത്ത് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) പരിഗണനയിലുണ്ട്. പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

വയനാട്ടിലേക്ക് സ്റ്റേറ്റ് ഹൈവേ

43 [2346] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly